പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3531 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **'തന്റേടം' ജെന്റർ പദ്ധതി** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | 'തന്റേടം' ജെന്റർ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; | (എ) ഉണ്ട്. 2012 മാർച്ച് 17-ന്, കോഴിക്കോട് വെള്ളിമാട് കുന്നിൽ സാമൂഹ്യനീതി വകുപ്പിന്റെ അധീനതയിലുള്ള 24.33 ഏക്കർ ഭൂമിയിൽ തന്റേടം ജെൻഡർ പാർക്കിന്റെ തറക്കല്ലിടൽ നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) സ്ത്രീകളുടെ സമസ്ത പുരോഗതി ലക്ഷ്യംവച്ചുകൊണ്ട് സാമൂഹ്യനീതി വകുപ്പ് സ്ഥാപിക്കുന്ന ഒരു സ്ഥാപനമാണ് തന്റേടം ജെൻഡർപാർക്ക്. ഇതിനെ സ്ത്രീപഠനങ്ങൾക്കും, പ്രവർത്തനങ്ങൾക്കും, സംഘടനകൾക്കും, വ്യക്തികൾക്കും ഒന്നിച്ചു ചേരുന്നതിനുള്ള സവിശേഷ സങ്കേതമാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും സാമൂഹ്യസുരക്ഷ ഉറപ്പാക്കാനും സഹായകരമായ നയപരിപാടികളുടെ അടിസ്ഥാനത്തിലാണ് ഈ കൂട്ടായ്മ പ്രവർത്തിക്കുക. സ്ത്രീകൾ മുൻകൈ എടുത്തുകൊണ്ടുള്ള കലാപരവും സാംസ്ക്കാരികവും ബുദ്ധിപരവുമായ പ്രവർത്തനങ്ങൾ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക വ്യത്യാസങ്ങൾക്കുപരിയായി ഒരു പൊതുഇടത്ത് ഏകോപിപ്പിക്കുന്നതാണ് തന്റേടം ജെൻഡർ പാർക്ക്. സ്ത്രീകളുടെ സർഗ്ഗാത്മക ബൗദ്ധികശേഷികൾക്ക് ഒന്നിച്ചുചേരാനുള്ള വ്യത്യസ്തമായ ഒരിടം എന്നതാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത് |

| | | |
|---|---|---|
| (സി) | പ്രസ്തുത പദ്ധതി വിജയിപ്പിക്കുന്നതിന് വേണ്ടത്ര പ്രചാരണം നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) പ്രസ്തുത പദ്ധതിയുടെ പ്രചാരണത്തിന്റെ ഭാഗമായി 2012 മാർച്ച് 8 മുതൽ 17 വരെ കോഴിക്കോട് വെച്ച് തന്റേടം ജെന്റർ ഫെസ്റ്റ്-2012 സംഘടിപ്പിച്ചിരുന്നു, ആവശ്യമായ പ്രചാരണം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി സസ്ഥാനത്തുടനീളം വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) സംസ്ഥാനത്തുടനീളമുള്ള സ്ത്രീകളുടെ പുരോഗതി തന്റേടം ജെന്റർപാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. എന്നിരുന്നാലും എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ ജെന്റർപാർക്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട് |

സെക്ഷൻ ഓഫീസർ